ഫെബ്രുവരി 2020

# മെത്രാപ്പോലീത്തായുടെ കത്ത്



കര്‍ത്താവില്‍ പ്രിയരേ,

2020ന്റെ ആദ്യമാസം പിന്നിട്ട് രണ്ടാം മാസത്തിലേക്ക് നാം പ്രവേശിക്കുന്നു. കേരളത്തിലെ സഭകള്‍ വചനശ്രദ്ധയില്‍ വ്യാപരിക്കുന്നതായ ധന്യമായ നാളുകളിലൂടെയാണ് നാം കടന്നുപോകുന്നത്. പുതിയ ദശകത്തിലേക്കുള്ള ദര്‍ശനം രൂപപ്പെടുത്തുന്നതിനും നിലവിലുള്ള ജീവിത യാഥാര്‍ത്ഥ്യങ്ങളെ വിലയിരുത്തുന്നതിനും സഭയും സമൂഹവും നേരിടുന്ന വെല്ലുവിളികളെ ജാഗ്രതയോടെ വിലയിരുത്തുന്നതിനും ഈ വചന കേള്‍വി സഹായകരമായിത്തീരും എന്നു പ്രതീക്ഷിക്കാം. ഇന്ന് ലോകത്തിന് ആവശ്യമായിരിക്കുന്നത് ഒരു രൂപാന്തരമാണ്. മുന്‍കാലങ്ങളില്‍ കേട്ടുകേള്‍വി പോലുമില്ലാത്ത സംഘര്‍ഷങ്ങളാണ് ലോകമാസകലം അരങ്ങേറിക്കൊണ്ടിരിക്കുന്നത്. മൂല്യാധിഷ്ഠിത ജനാധിപത്യ വ്യവസ്ഥിതിക്ക് ആഘാതം വരത്തക്കവിധത്തിലുള്ള നീക്കങ്ങളാണ് ആഗോളവ്യാപകമായി നാം ദര്‍ശിച്ചുകൊണ്ടിരിക്കുന്നത്. ബ്രിട്ടനില്‍ കുടുംബത്തില്‍ അനുഭവിച്ചുകൊണ്ടിരുന്ന സ്വാതന്ത്ര്യം അപൂര്‍ണ്ണമെന്നു വിചാരിച്ച് കൂടുതല്‍ സ്വാതന്ത്ര്യത്തിനു വേണ്ടി ലഭ്യമായ പദവികളും സ്ഥാനങ്ങളും പരിത്യജിച്ച് രാജകുടുംബത്തിലെ ഒരു മകന്‍ പദവികളും സ്ഥാനമാനങ്ങളും ഉപേക്ഷിക്കുന്നു. സമൂഹത്തില്‍ മൂല്യശോഷണം സംഭവിക്കുകയും മനുഷ്യാവകാശ ധ്വംസനം പ്രബലപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. എല്ലാ മേഖലകളിലും അന്ധകാരത്തിന്റെ ശക്തികള്‍ ആധിപത്യം നേടുവാന്‍ കരുക്കള്‍ നീക്കുന്നു. സ്വാര്‍ത്ഥ താല്പര്യങ്ങളുടെ വേലിയേറ്റത്തില്‍ ബന്ധങ്ങളുടെ ഊഷ്മളത തകര്‍ക്കപ്പെടുന്നു. ഈ പോക്ക് ഇനിയും എങ്ങോട്ട്? എന്ന് ജാഗ്രതയോടെ ചിന്തിക്കേണ്ടതായ ആവശ്യം വന്നിരിക്കുന്നു. രാഷ്ട്രങ്ങളുടെ സാമ്പത്തിക ഭദ്രതയില്‍ വന്നിരിക്കുന്ന അരക്ഷിതാവസ്ഥയും മാന്ദ്യവും നിരീക്ഷിക്കുമ്പോള്‍, ലോകമാസകലം കഴിഞ്ഞ നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തില്‍ ഉദയം ചെയ്തതായ മാന്ദ്യതപോലെയുള്ള അവസ്ഥയിലേക്ക് ലോകം നീങ്ങുകയാണോ എന്നു സന്ദേഹിക്കുന്നു. സ്വതന്ത്രമായ അഭിപ്രായങ്ങള്‍ പ്രകടിപ്പിക്കുന്നതിനുള്ള പരിമിതികള്‍ അധികാര സ്ഥാനങ്ങളില്‍ നിന്നും സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അധികാരസ്ഥാനങ്ങളെ ചോദ്യം ചെയ്യുമ്പോള്‍ അതിനെ രാജ്യദ്രോഹമായി മുദ്രകുത്തുന്ന ഒരു വ്യവസ്ഥിതി ഒരു ജനാധിപത്യ രാജ്യത്തിന് ഒരിക്കലും ഭൂഷണമല്ല. കറന്‍സി രഹിത സമ്പ്രദായം, ഡിജിറ്റല്‍ സമ്പ്രദായത്തില്‍ അധിഷ്ഠിതമായ പുസ്തക രഹിത പാഠശാലകള്‍, സാമൂഹിക മാധ്യമങ്ങളിലൂടെയുള്ള ആശയവിനിമയത്തിന്റെ അതിപ്രസരം, ഐ.ടി. വ്യവസ്ഥിതിയെ കവച്ചുവെയ്ക്കുന്നതായ ആര്‍ട്ടിഫിഷ്യല്‍ ഇന്റലിജെന്‍സിന്റെ ഉദയവും മുന്നേറ്റവും, മനുഷ്യ സഹായമില്ലാതെ തന്നെ നിയന്ത്രിക്കാവുന്ന വാഹനങ്ങള്‍, നിര്‍ദ്ദേശങ്ങള്‍ നല്‍കി കഴിഞ്ഞാല്‍ അനിയന്ത്രിതമായ വിധത്തില്‍ പ്രവര്‍ത്തിക്കാന്‍ ശേഷിയുള്ള റോബോട്ടുകള്‍ എന്നിവയെല്ലാം ഇന്ന് മാറ്റത്തിന്റെ അടയാളങ്ങളാണ്. നമ്മിലുള്ള ദൈവത്തിന്റെ മനുഷ്യമുഖം പ്രകാശിതമാകണമെങ്കില്‍ ദൈവം നമുക്കു നല്‍കിയിരിക്കുന്ന സര്‍ഗ്ഗശക്തിയെ ദൈവഹിതപ്രകാരം വിനിയോഗിക്കേണ്ടതായിട്ടുണ്ട്. പരിണാമ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ ചാള്‍സ് ഡാര്‍വിനെക്കുറിച്ച് ഒരു കഥയുണ്ട്. അദ്ദേഹം ബാല്യകാലത്തില്‍ ശാസ്ത്രത്തിലും സംഗീതത്തിലും അതുല്യപ്രതിഭയായിരുന്നു. അദ്ദേഹം പില്‍ക്കാലത്ത് ശാസ്ത്രീയകാര്യങ്ങളില്‍ മാത്രം ജാഗ്രത പുലര്‍ത്തി സംഗീതത്തില്‍ തനിക്കുള്ള കഴിവുകളെ വിസ്മരിച്ചു. ശാസ്ത്രരംഗത്ത് വന്‍നേട്ടങ്ങള്‍ നേടി. ജീവിത സായാഹ്നത്തില്‍ സംഗീതത്തിന്റെ ആസ്വാദ്യതയിലേക്ക് തിരിഞ്ഞുനോക്കുവാന്‍ ശ്രമിച്ചപ്പോള്‍ തന്റെ ഇച്ഛാശക്തിയ്ക്കനുസരിച്ച് തന്റെ വിരലുകള്‍ പ്രവര്‍ത്തിപ്പിക്കാനുള്ള ശേഷി നഷ്ടപ്പെട്ടപ്പോള്‍ സംഗീതോപകരണങ്ങളില്‍ വിരലുകള്‍ ചലിപ്പിക്കുവാന്‍ കഴിയാതെവന്നു. എന്തുകൊണ്ട്? ദൈവം നല്‍കിയ അതുല്യ സാധ്യതകള്‍ ഉപയോഗിക്കാതിരുന്നതിന്റെ ഫലമായിട്ടാണ് വീണ്ടെടുക്കാന്‍ വയ്യാത്ത വിധത്തില്‍ സംഗീത സിദ്ധി ഒരു നഷ്ടമായി കലാശിച്ചത്. ആധുനിക ടെക്നോളജിക്കല്‍ മേധാവിത്വം നമ്മുടെ തലച്ചോറിന്റെ ഓര്‍മ്മ ശക്തിയെയും ക്രിയാത്മകതയെയും വ്യക്തമായ ഭാവനാശക്തിയെയും നിര്‍മ്മാണ ശേഷിയെയും അഥവാ ഭാവിയെക്കുറിച്ചുള്ള സ്വപ്നം കാണാനുള്ള കഴിവിനേയും നഷ്ടപ്പെടുത്തുന്നില്ലേ എന്നു സന്ദേഹിക്കേണ്ടിയിരിക്കുന്നു. ദൈവം തന്റെ മനുഷ്യമുഖശോഭയില്‍ നമുക്ക് നല്‍കിയതായ കഴിവുകള്‍ വീണ്ടെടുക്കാന്‍ പറ്റാത്ത വിധത്തില്‍ നഷ്ടപ്പെടുമോ എന്നു ചിന്തിച്ച് ദൈവം നല്‍കിയ കഴിവിനനുസരിച്ച് നമ്മുടെ ഭാവനാശേഷിയും സര്‍ഗ്ഗാത്മകമായ ശക്തികളും വിനിയോഗിക്കുന്നതില്‍ നാം പരാജയപ്പെട്ടാല്‍ എന്തായിരിക്കും ഭാവി എന്നതിനെക്കുറിച്ച് ജാഗ്രതയോടെ പരിചിന്തനം ചെയ്യേണ്ട കാലമാണ്.

ഈ വര്‍ഷം മാരാമണ്‍ കണ്‍വന്‍ഷന്റെ 125-ാമത് സമ്മേളനമാണ്. മാരാമണ്‍ കണ്‍വന്‍ഷനില്‍ ലഭിച്ചതായ ആത്മീയ വെളിച്ചത്തിന്റെ പ്രഭയില്‍ അനേകം പ്രസ്ഥാനങ്ങള്‍ സഭയിലും സമൂഹത്തിലും രൂപപ്പെട്ടിട്ടുണ്ട്. നല്ലനല്ല ആശയങ്ങള്‍ നല്ല നല്ല സ്ഥാപനങ്ങള്‍ക്ക് ജന്മമേകിയിട്ടുണ്ട്. സ്ത്രീശാക്തീകരണം, കുഞ്ഞുങ്ങള്‍ ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയില്‍ മുതിര്‍ന്നുവരുവാന്‍ അവശ്യം നല്‍കേണ്ട മതബോധനം, സമൂഹത്തിലും ജനജീവിതത്തിലും രൂപപ്പെടേണ്ട ഐക്യതയുടെയും പുതിയ മാനവികതയുടെയും ദര്‍ശനങ്ങള്‍ എന്നിവയ്ക്കെല്ലാം അതിശക്തമായ പ്രേരണ നല്‍കുവാന്‍ കണ്‍വന്‍ഷന് കഴിഞ്ഞിട്ടുണ്ട് എന്നത് ഒരു ചരിത്രയാഥാര്‍ത്ഥ്യമാണ്. ഇത്തരുണത്തില്‍ ശതാബ്ദി പിന്നിടുന്ന ഒരു പ്രസ്ഥാനത്തെക്കുറിച്ച് അനുസ്മരിക്കുവാന്‍ ഞാന്‍ ആഗ്രഹിക്കുന്നു. കണ്‍വന്‍ഷനിലെ ദൂതുകേട്ട് വിശ്വാസസമൂഹം എടുത്ത ഒരു തീരുമാനം ശ്രദ്ധേയമായിരുന്നു.

അക്കാലത്ത് ഉണ്ടായിരുന്ന ലഹരി ഉപയോഗത്തെ പ്രതിരോധിക്കാനും ലഹരിവിമുക്ത ജീവിതങ്ങൾ രൂപപ്പെടുത്തുവാനും മാരാമൺ കൺവൻഷനിലെ ദൂതുകൾ ശക്തമായ സ്വാധീനം ചെലുത്തിയപ്പോൾ ഒരു വിപ്ലവം തന്നെ മാരാമൺ മണൽപ്പുറത്ത് നടന്നു എന്നു നാം ഓർക്കേണ്ടതാണ്. ആ സംഭവത്തെയാണ് മുറുക്കാൻപൊതി വിപ്ലവം എന്നു ചരിത്രത്തിൽ വിശേഷിപ്പിക്കപ്പെട്ടത്. അക്കാലത്ത് സ്ത്രീകളിലും പുരുഷന്മാരിലും ഒരുപോലെ വ്യാപരിച്ചിരുന്നത് മുറുക്കാൻ ഉപയോഗം (വെറ്റില, പാക്ക്, ചുണ്ണാമ്പ്, പുകയില) എന്ന ലഹരിയായിരുന്നു. ഇവ വായിലിട്ട് ചവച്ച് ലഹരി ആസ്വദിക്കുന്ന ഒരു ശൈലിക്കെതിരായി മാരാമണ്ണിൽ ഒരു നിലപാടെടുത്തു. മദ്യലഹരിയേക്കാൾ ഉപരിയായി മയക്കുമരുന്ന് ഉപയോഗം വരുന്നതിനു മുമ്പ് ഇതായിരുന്നു അവസ്ഥ. ഇരിക്കുന്ന പരിസരങ്ങൾ വൃത്തിഹീനമാക്കുകയും വായ് തുറന്നാൽ മനോഹരമായ പല്ലുകൾ പോലും കാണാൻ സാധിക്കാത്ത ഒരു സ്ഥിതിയായിരുന്നു അന്നുണ്ടായിരുന്നത്. അന്ന് ലഹരിക്കെതിരായ വചനദൂത് കേട്ടവർ തങ്ങളുടെ മടിക്കുത്തിൽ സൂക്ഷിച്ചിരുന്ന മുറുക്കാൻപൊതി മണൽപ്പുറത്തെ മണലിൽ കുഴിച്ചിട്ട ആ മാതൃക ഇന്നു നാം പ്രത്യേകം അനുസ്മരിക്കേണ്ടതാണ്. ഇന്ന് മുറുക്കാൻ ഉപയോഗിക്കുന്നവരുടെ എണ്ണം അംഗുലി പരിമിതമെങ്കിലും ഇന്ന് പുതിയതരം ലഹരികളിലേക്ക് നാം വീണുകൊണ്ടിരിക്കുകയാണ്. ഇന്നു നാം കാണുന്ന ലഹരി ടെക്നോളജിക്കൽ ലഹരിയാണ്. സാമൂഹ്യ മാധ്യമങ്ങളിലൂടെ ആവശ്യമില്ലാത്തതെല്ലാം പ്രചരിപ്പിച്ച് സമചിത്തത നഷ്ടപ്പെടുന്ന മനുഷ്യസമൂഹം ഇന്ന് സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. സാമൂഹ്യ മാധ്യമങ്ങൾ ലഹരിയായിത്തീരുന്ന അവസ്ഥയുടെ ഗുരുതരാവസ്ഥ തിരിച്ചറിയാതെ, കുട്ടികൾക്ക് കളിപ്പാട്ടംപോലെ സെൽഫോൺ വാങ്ങിച്ചു നൽകുന്ന മാതാപിതാക്കൾ തങ്ങളുടെ കുട്ടികൾക്ക് സമ്മാനിക്കുന്നത് ദുരന്തങ്ങളാണ്. ഈ അവസ്ഥ വളരെ അപകടകരമാണ്. അശ്ലീല ചിത്രങ്ങൾക്കും മനസ്സിന് ലഹരി പിടിപ്പിക്കുന്ന പ്രോഗ്രാമുകൾക്കും കുട്ടികൾ വിധേയമായി കഴിഞ്ഞാൽ അത് അവരെ ആത്മഹത്യയിലേക്ക് പോലും നയിക്കും എന്നോർമ്മിപ്പിക്കട്ടെ. ഇന്നത്തെ സ്ത്രീ പീഡനത്തിനും ബാലപീഡനത്തിനും പലപ്പോഴും ഇത് പ്രേരണയായിത്തീരുന്നു എന്നതും ഒരു യാഥാർത്ഥ്യമാണ്. ഈ നാളുകളിലെ വചനകേൾവി സമൂഹത്തിന് ഗുണകരമായ ഒരു രൂപാന്തരത്തിന് പ്രേരണയായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കാം.

ഈ സംവത്സരത്തിലെ ശബരിമല തീർത്ഥാടന കാലഘട്ടം ഏറ്റവും സൗഹൃദപൂർവ്വം നടന്നു എന്നത് കേരള ജനതയ്ക്ക് ഏറെ അഭിമാനമാണ്. കഴിഞ്ഞ വർഷത്തെ ദുഃസ്ഥിതിയിൽ നിന്നും മാറി മാനവികതയുടെ ഐക്യം പ്രകടിപ്പിക്കുന്നതായിരുന്നു മണ്ഡലനാളുകൾ. ശബരിമലയുടെ ആപ്ത വാക്യം 'തത്ത്വമസി' എന്നത്രെ. വിശാല മാനവികതയുടെ ആപ്തവാക്യമത്രെയിത്. വൃശ്ചികം ഒന്ന് വ്രതാനുഷ്ഠാനത്തിനു മാലയിടുന്ന ഒരു തീർത്ഥാടകൻ മണ്ഡലപൂജ കഴിയുന്നതുവരെയും മകരവിളക്ക് ദർശനം വരെയും തുടരുന്ന മാനവികതയുടെ ഐക്യതയുടെ പ്രകാശനം ചിന്തോദ്ദീപകമാണ്. സ്വന്തം പേര് അവർ ഉപയോഗിക്കുകയില്ല. രണ്ട് വാക്കുകളിൽ അവർ പരസ്പരം സംബോധന ചെയ്യും.-സ്വാമി, അയ്യപ്പൻ. അതുപോലെ സാമാന്യജനങ്ങളും അവരെ സംബോധന ചെയ്യുന്നതു ഈ രണ്ടു വാക്കുകൾ കൊണ്ടാണ്. ആയതിന്റെ മൂല്യാർത്ഥം ഞാൻ മനസ്സിലാക്കുന്നത്-അപരനിലുള്ള ദൈവികമായ പ്രതിച്ഛായ അംഗീകരിച്ചുകൊണ്ടുള്ള സംബോധനയാണ് അത് എന്നുള്ളതാണ്. ദൈവം തന്റെ പ്രതിച്ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. വിഭാവനം ചെയ്യാനുള്ള സർഗ്ഗശക്തി, അവയെ പ്രാവർത്തികമാക്കുവാനുള്ള നിർമ്മാണ കൈവിരുത്, ഈ ഭാവനയിലൂടെ രൂപപ്പെട്ടത് എന്തായിരിക്കും എന്നതിനെക്കുറിച്ച് സ്വപ്നം കാണാനുള്ള ശേഷി ഇവയെല്ലാം ഉൾക്കൊള്ളുന്നതാണ് ആ പ്രതിച്ഛായ. ദൈവം പറയുന്നത് ഉല്പത്തി പുസ്തകത്തിൽ നാം ഇങ്ങനെ വായിക്കുന്നു-"നമുക്ക് നമ്മുടെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിക്കാം". ദൈവം പ്രപഞ്ചസൃഷ്ടിയിൽ ഉപയോഗിച്ചതായ മൂല്യദർശനമാകുന്നു ദൈവം നൽകിയ ദൈവത്തിന്റെ മനുഷ്യമുഖ പ്രതിഭാസം. ദൈവം തന്റെ ഛായയിൽ സൃഷ്ടിച്ച മനുഷ്യനെ ആരും കണ്ടിട്ടില്ല. എന്നാൽ മനുഷ്യനെ ദൈവികനായി കാണപ്പെടേണ്ടതിന് ദൈവം മനുഷ്യനായിത്തീർന്നു. ദൈവത്തിന്റെ മനുഷ്യ മുഖപ്രകാശം ഇരുളടഞ്ഞ ലോകം കാണേണ്ടതിന് ദൈവം മനുഷ്യനായി. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. ദൈവം തന്റെ പ്രതിച്ഛായയിൽ സൃഷ്ടിച്ചവനെയും കണ്ടിട്ടില്ല. എന്നാൽ യേശു പറഞ്ഞു "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു". ഈ ദർശനമാകുന്നു അപരനിലൂടെ ദൈവിക പ്രതിച്ഛായയെ ദർശിക്കാനുള്ള മനോഭാവം നമ്മിൽ രൂപപ്പെടുത്തുന്നത്. ഈ വർഷത്തെ മാരാമൺ കൺവൻഷൻ ദൂതുകൾ ഈ വലിയ ദർശനത്തിലേക്ക് വളരുവാൻ അതിനു സഹായകരമാകട്ടെ.

നമ്മുടെ സഭയിലെ പരിപാടികളിലേക്ക് തിരിഞ്ഞുനോക്കുകയാണെങ്കിൽ അനേകം കാര്യങ്ങൾ അനുസ്മരിക്കാനുണ്ട്. 40 വർഷം പിന്നിട്ട അടൂർ ഭദ്രാസന കൺവൻഷൻ ജനുവരി 1-ാം തീയതി നടന്നു. മാരാമൺ കൺവൻഷൻ ക്രമീകരണങ്ങളുടെ ഒരുക്കം ആരംഭിച്ചു. 2018 ലെ പ്രളയത്തിൽ ഭവനങ്ങൾ നഷ്ടപ്പെട്ടവർക്ക് ഭവനങ്ങൾ നിർമ്മിച്ചു കൊടുക്കുന്നതിന്റെ താക്കോൽദാനം ബഹുമാനപ്പെട്ട കേരളാ ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ നിർവ്വഹിച്ചു. 102 ഭവനങ്ങൾ നിർമ്മിതിയിലത്രെ. ഓരോ ഭവനത്തിനും ഏഴര ലക്ഷം രൂപാ ചെലവായി. 62 ഭവനങ്ങളുടെ താക്കോൽദാനം നിർവ്വഹിക്കപ്പെട്ടു. മാർച്ച് 31 നകം മറ്റു ഭവനങ്ങളും പൂർത്തീകരിച്ച് താക്കോൽദാനം നിർവ്വഹിക്കും. കൂടാതെ 65 ഭവനങ്ങൾക്ക് കേടുപാടുകൾ നടത്തുന്നതിന് 2 ലക്ഷം മുതൽ 3 ലക്ഷം വരെ നൽകി നിർമ്മാണം പൂർത്തീകരിച്ചു. പ്രതീകാത്മകമായി ഓരോ ഹൈന്ദവ, ഇസ്ലാമിക, ക്രൈസ്തവ സഹോദര കുടുംബങ്ങൾക്കാണ് ഗവർണർ താക്കോൽ നൽകിയത്. നമ്മുടെ വലിയ തിരുമേനിയെ ഗവർണർ സന്ദർശിച്ചു. തിരുമേനി ഗവർണർക്കു വേണ്ടി പ്രാർത്ഥിച്ച് ആശീർവ്വാദം പറഞ്ഞ് സന്തോഷത്തോടെ അയച്ചു. വലിയ തിരുമേനി ശെമ്മാശനായിട്ട് ജനുവരി 1 ന് 76 വർഷം പൂർത്തീകരിച്ച് 77 ലേക്ക് കടന്ന സ്തോത്രത്തിന്റെ ഒരു കാലഘട്ടമാണല്ലോ ഇത്. കോട്ടയം-കൊച്ചി ഭദ്രാസന കൺവൻഷൻ, തിരുവനന്തപുരം-കൊല്ലം ഭദ്രാസന കൺവൻഷൻ, നിരണം-മാരാമൺ, റാന്നി-നിലയ്ക്കൽ, മല്ലപ്പള്ളി എക്യുമെനിക്കൽ കൺവൻഷൻ, ചെങ്ങന്നൂർ-മാവേലിക്കര, മുംബൈ ഭദ്രാസന കൺവൻഷൻ എന്നിവയിൽ പങ്കെടുക്കാൻ ഇടയാക്കിയ ദൈവകൃപയ്ക്കായി സ്തോത്രം. കാക്കനാട് ക്രിസ്തോസ് പള്ളിയുടെ മദ്ബഹ, ഇളമ്പനാട് പള്ളി കൂദാശ, കുഴിക്കാല ഇടവകയുടെ ശതാബ്ദി ആഘോഷം, പെരുമ്പാവൂർ ആശ്രമം സ്കൂൾ നവതി ആഘോഷം എന്നിവയിലും മുംബൈ നവജീവൻ സെന്ററിന്റെ ജൂബിലി ആഘോഷത്തിലും പങ്കെടുക്കാൻ ഇടയായി. ജനുവരി മാസം 8-ാം തീയതി 2 ശെമ്മാശന്മാരെ കശ്ശീശാമാരായി സഭയിലേക്ക് കൈപിടിച്ചുയർത്തുന്നതിനുള്ള സൗഭാഗ്യവും ലഭിച്ചു. ആസ്ട്രേലിയായിലെ ആംഗ്ലിക്കൻ സമൂഹത്തിന്റെ അദ്ധ്യക്ഷൻ പൂലാത്തീനിൽ സന്ദർശനം നടത്തി. അദ്ദേഹം വലിയ തിരുമേനിയെ സന്ദർശിക്കുകയും ചെയ്തു. അദ്ദേഹത്തോടുള്ള ബഹുമാനാർത്ഥം ഒരു അത്താഴവിരുന്ന് പൂലാത്തീനിൽ

ക്രമീകരിക്കുകയുണ്ടായി. ഈ മാസം 12 മുതൽ 14 വരെ സി.എസ്.ഐ. സഭയുടെ 36-ാമത് സിനഡ് തൃശിനാപ്പള്ളിയിൽ വെച്ചു നടന്നതിൽ പ്രത്യേകം ക്ഷണിതാവായി സംബന്ധിച്ചു. മോഡറേറ്ററുടെ ഔദ്യോഗിക കാലാവധി അനുഗൃഹീതമായി പൂർത്തീകരിച്ച് ഈ സമ്മേളനത്തിൽ വെച്ച് മോഡറേറ്റർ ബിഷപ്പ് തോമസ് കെ. ഉമ്മൻ സ്ഥാനം ഒഴിയുകയും പുതിയ മോഡറേറ്ററായി ബിഷപ്പ് എ. ധർമ്മരാജ് റസാലം തിരഞ്ഞെടുക്കപ്പെട്ട് അഭിഷിക്തനാവുകയും ചെയ്തു. അടുത്ത സമയത്ത് തിരഞ്ഞെടുക്കപ്പെട്ട പുതിയ സി.എസ്.ഐ. സിനഡ് അംഗങ്ങളെ പരിചയപ്പെടുന്നതിനും ഇടയായി.

കേരളത്തിലെ ഇന്റർ ചർച്ച് കൗൺസിൽ യോഗം തിരുവനന്തപുരത്തെ കർദ്ദിനാൾ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ തിരുമേനിയുടെ അരമനയിൽ നടന്നു. സമൂഹവും രാജ്യവും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് നിലപാടുകൾ രൂപപ്പെടുത്തി. കെ.സി.സി.യുടെ എക്യുമെനിക്കൽ പ്രയർമീറ്റിംഗ് ഉദ്ഘാടനം കട്ടച്ചിറ ഓർത്തഡോക്സ് പള്ളിയിൽ നിർവ്വഹിച്ചു. റാന്നി-നിലയ്ക്കൽ ക്ലർജി കോൺഫ്രൻസ് ആങ്ങമൂഴിയിലുള്ള റിന്യൂവൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. നിരണം-മാരാമൺ ഭദ്രാസനത്തിന്റെ രണ്ട് വൈദീക മേഖലാ സമ്മേളനങ്ങൾ കല്ലൂപ്പാറ ബെഥേൽ മാർത്തോമ്മാ പള്ളിയിൽ വെച്ചും നെടുമ്പ്രം ക്രിസ്തോസ് പള്ളിയിൽ വെച്ചും നടന്നു. ഈ മാസത്തിന്റെ അവസാന ദിവസങ്ങളിൽ കുവൈറ്റ് സിറ്റി പാരീഷിന്റെ ഇടവക ദിനത്തിൽ പങ്കെടുത്തു.

നമ്മുടെ സഹോദരീ സഭകളിൽ നിലവിലിരിക്കുന്ന മൃതശരീര സംസ്കാരത്തെക്കുറിച്ചുള്ള തർക്കത്തിനുള്ള പരിഹാരത്തിനായുള്ള നീക്കങ്ങൾ സംഘർഷാവസ്ഥയിൽ ആശ്വാസമാകുന്നുവെങ്കിലും കേരളത്തിൽ ആദ്യസൂചനകൾ നൽകിയ ചർച്ച് ആക്ടിലേക്കുള്ള ഒരു പ്രവേശനമായി അത് തീരാതിരിക്കുവാൻ ജാഗ്രത പുലർത്തണം. ഭാരതത്തിൽ നിലവിലിരിക്കുന്ന മതസംഘർഷങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ തക്കവണ്ണം ഭാരതത്തിന്റെ ഒമ്പതംഗ സുപ്രീംകോടതി ജഡ്ജിമാരുടെ പാനൽ യുക്തമായ തീരുമാനങ്ങൾ സമാധാന പുനഃസ്ഥാപനത്തിനു വേണ്ടി ചെയ്യുന്നതിനു വേണ്ട വ്യക്തത ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കാം. കേരളത്തിലെ രാഷ്ട്രീയ അസ്ഥിരതയ്ക്കും വിഭാഗീയ ചിന്തകൾക്കും ഒരു പരിഹാരം കാണുന്നതിനു ജനഹൃദയങ്ങളിൽ ദൈവാത്മാവ് വ്യാപരിക്കാനായി നാം മുട്ടിപ്പായി പ്രാർത്ഥിക്കണം.

ഫെബ്രുവരിയിലെ ധ്യാനങ്ങളിലേക്ക് നാം പ്രവേശിക്കുകയാണ്. അനുഗൃഹീത കുടുംബം ഏറ്റുവാങ്ങിയ ദിവ്യപ്രഭയായ ദൈവത്തിന്റെ പ്രതിഛായയിൽ സൃഷ്ടിക്കപ്പെട്ട കുഞ്ഞ് വളർന്നുവരവേ കുടുംബമായി ദൈവാലയത്തിലേക്ക് പ്രതിഷ്ഠയ്ക്കായി കുഞ്ഞിനെ കൊണ്ടുവരുമ്പോൾ ഹന്നായുടെയും ശിമ്യോന്റെയും സാക്ഷ്യങ്ങൾ ചിന്തിപ്പിക്കുന്നവയായിരുന്നു. ശിമ്യോൻ മറിയയ്ക്കു നൽകിയ സൂചന 'നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കും' എന്നാണ്. സൗഭാഗ്യങ്ങൾ നിറഞ്ഞതായ ദൈവകല്പനകൾക്ക് ശേഷം അപ്പോൾ ലഭിച്ച ശിമ്യോൻ നൽകിയ അരുളപ്പാട് ദൈവകല്പന അനുസരിച്ച മറിയയ്ക്കുള്ള ഒരു മുന്നറിയിപ്പായിരുന്നു. അക്ഷരാർത്ഥത്തിൽ കുരിശിൻചുവട്ടിൽ ആ അമ്മ നിൽക്കുമ്പോൾ ശിമ്യോന്റെ പ്രവചനം യാഥാർത്ഥ്യമായി തീരുകയായിരുന്നു.-"എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്" എന്ന മകന്റെ നിലവിളി ആ അമ്മ കേട്ടു. 22-ാം സങ്കീർത്തനം മുഴുവനായി യേശു കുരിശിൽ കിടന്നു ചൊല്ലി അവസാനിപ്പിക്കുകയായിരുന്നു. 28-31 വാക്യങ്ങൾ വളരെ ശ്രദ്ധേയമാണ്. "രാജത്വം യഹോവെക്കുള്ളതല്ലോ; അവൻ ജാതികളെ ഭരിക്കുന്നു. ഭൂമിയിൽ പുഷ്ടിയുള്ളവരൊക്കെയും ഭക്ഷിച്ചാരാധിക്കും; പൊടിയിലേക്കു ഇറങ്ങുന്നവരെല്ലാവരും അവന്റെ മുമ്പാകെ കുമ്പിടും; തന്റെ പ്രാണനെ രക്ഷിപ്പാൻ കഴിയാത്തവനും കൂടെ. ഒരു സന്തതി അവനെ സേവിക്കും; വരുന്ന തലമുറയോടു യഹോവയെക്കുറിച്ചു കീർത്തിക്കും. അവർ വന്നു, ജനിപ്പാനുള്ള ജനത്തോടു അവൻ നിവർത്തിച്ചിരിക്കുന്നു എന്നു അവന്റെ നീതിയെ വർണ്ണിക്കും" (സങ്കീ. 22:28-31). ഈ ധ്യാനം അവസാനിച്ച് കണ്ണു തുറക്കുമ്പോൾ യേശു തന്റെ അമ്മയെ കണ്ടു, പ്രിയ ശിഷ്യനേയും കണ്ടു. അമ്മയായ മറിയയെയും തന്റെ പ്രിയ ശിഷ്യനായ യോഹന്നാനെയും യേശു അടുത്തേക്ക് വിളിച്ചു. മനുഷ്യത്വത്തിന്റെ പൂർണ്ണത അവിടെ പ്രകടിപ്പിച്ചു. അമ്മയുടെ ഭാവിയെക്കുറിച്ചുള്ള സുരക്ഷിതത്വം ഉറപ്പായി. 'ഇതാ നിന്റെ മകൻ' എന്ന് മറിയയോടും "ഇതാ നിന്റെ അമ്മ എന്നു യോഹന്നാനോടും പറഞ്ഞ ക്രിസ്തുവിൽ നാം കാണുന്നത് 'കണ്ടാലും അവൻ പൂർണ്ണ മനുഷ്യൻ' എന്ന യാഥാർത്ഥ്യം മാനവികതയുടെ പൂർണ്ണ ശോഭയോടുകൂടി പ്രകാശിക്കുന്നതാണ്.

അപരനിലെ ദൈവിക പ്രതിഛായ ദർശിക്കുന്നതിനു പകരം അപരനിലുള്ളതായ ന്യൂനതയുടെ കരട് അന്വേഷിച്ചു പോകയും സ്വന്തം ജീവിതത്തിലെ കുറവുകൾ കാണാതെ അന്ധത പുലർത്തുകയും ചെയ്യുന്ന അവസ്ഥയ്ക്കെതിരായുള്ള മുന്നറിയിപ്പോടുകൂടിയാണ് മൂന്നുനോമ്പ് ആരംഭിക്കുന്നത്. നമുക്ക് ദൈവം നൽകിയ താലന്തുകളെ നാം എങ്ങനെ വിനിയോഗിച്ചു എന്ന് ചോദിക്കാൻ മനുഷ്യപുത്രൻ വരുമ്പോൾ തക്ക സമയത്ത് നല്ലവരും വിശ്വസ്തരുമായി പ്രവർത്തിച്ച് ജീവിത ധന്യത ക്രിസ്തു നമ്മിൽ കണ്ടെത്തുവാൻ തക്കവണ്ണം നമ്മുടെ ജീവിതങ്ങൾ രൂപാന്തരപ്പെടണം. വൃക്ഷം നല്ലതെങ്കിൽ ഫലവും നല്ലത്. നല്ല വൃക്ഷം ഒരിക്കലും നല്ലതല്ലാത്ത ഫലം പുറപ്പെടുവിക്കയില്ല. വലിയനോമ്പിലേക്ക് നാം പ്രവേശിക്കുന്നത് ഈ ചിന്തകളോടു കൂടിയായിരിക്കണം. മനുഷ്യൻ ശബത്തിനുവേണ്ടിയല്ല, ശബത്ത് മനുഷ്യനുവേണ്ടിയാണ് സൃഷ്ടിക്കപ്പെടുന്നത് എന്ന കാഴ്ചപ്പാടോടുകൂടി സൃഷ്ടിയിൽ വന്ന വീഴ്ച കണ്ടെത്തി വലിയൊരു രൂപാന്തരത്തിനുവേണ്ടി വചനം കേൾക്കുവാൻ മാരാമണ്ണിലേക്ക് നമുക്ക് അടുത്തുവരാം. സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവരാണ് തന്റെ അമ്മയും സഹോദരങ്ങളും എന്ന കർത്താവിന്റെ വാക്കുകൾ നാം ഉൾക്കൊള്ളണം. മനുഷ്യന്റെ കണക്കുകൂട്ടലുകളുടെ ഭാവനാശേഷിയും അദ്ധ്വാനവും അപ്രസക്തമായി അപമാനത്തിനു വിധേയമാകുമ്പോൾ ദൈവം നമ്മുടെ ജീവിതത്തിൽ അത്ഭുതകരമായി ഇടപെടുന്നു എന്നാകുന്നു കാനാവിലെ കല്യാണം ഓർമ്മിപ്പിക്കുന്നത്. അൻപത് നോമ്പ് നാളുകളിലേക്ക് ഈ ധ്യാനത്തോടുകൂടി നാം പ്രവേശിക്കുന്നത്. സഹോദരനോടുള്ള നിരപ്പിന്റെ അനുഭവത്തിൽ അനുരഞ്ജനത്തിന്റെ അനുഭവങ്ങളിലേക്ക് പ്രവേശിക്കുവാൻ വലിയനോമ്പിന്റെ ധ്യാനം സഹായകരമായിത്തീരട്ടെ.

"ഞാൻ വാതില്ക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും" (വെളിപ്പാട് 3:20).

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ

പുലാത്തീൻ,
30-01-2020

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**